പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ : 462 01.07.2013-ൽ മറുപടിക്ക്

ഡെഡ്സ്റ്റോക്കുള്ള മദ്യം നശിപ്പിക്കുന്ന നടപടിക്രമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജു<br>ശ്രീ. ജി.എസ്. ജയലാൽ | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനുകീഴിൽ എത്ര ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനുകീഴിൽ 338 എഫ്.എൽ. 1 ചില്ലറവില്പനശാലകൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ, അഞ്ച് ചില്ലറ വില്പനശാലകൾ, ചില പ്രാദേശിക പ്രശ്നങ്ങൾ മൂലം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. |
| (ബി) ഈ ഔട്ട്ലെറ്റുകളിലെല്ലാംകൂടി എത്ര തുകയുടെ മദ്യമാണ് ഡെഡ്സ്റ്റോക്കുള്ളത്; ഒരു ഔട്ട്ലെറ്റിൽ പരമാവധി എത്ര തുകയുടെ ഡെഡ്സ്റ്റോക്കാണ് ഉണ്ടാകാറുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) എല്ലാ എഫ്.എൽ. 1 ഔട്ട്ലെറ്റുകളിലും കൂടി 2.85 കോടി രൂപയുടെ ഡെഡ് സ്റ്റോക്ക് ആണുള്ളത് ടി കണക്കിൻ പ്രകാരം, ഒരു എഫ്.എൽ. 1 റീട്ടെയിൽ ഷോപ്പിൽ ശരാശരി 85,000/ - രൂപയുടെ ഡെഡ് സ്റ്റോക്ക് വീതം ഉണ്ടാകാം. |
| (സി) ഡെഡ് സ്റ്റോക്കുള്ള മദ്യം നശിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; എത്ര സമയം കഴിയുമ്പോഴാണ് ഇവ നശിപ്പിക്കുന്നത്. ഇവയുടെ നശിപ്പിക്കൽ പ്രക്രിയ കൃത്യമായി നടക്കാറുണ്ടോ ; | (സി) ഡെഡ് സ്റ്റോക്കുള്ള മദ്യം, ഉചിതമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നശിപ്പിക്കുന്നുണ്ട്. നശിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ, കഴിഞ്ഞ വർഷം മുതൽ ഡെഡ് സ്റ്റോക്കുകൾ നശിപ്പിക്കുവാൻ സാധിച്ചിട്ടില്ല. |

(ഡി) ഡെഡ്സ്റ്റോക്ക് മദ്യം വില്പന നടത്തിയ എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട് ; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(ഡി) ഡെഡ് സ്റ്റോക്ക് വില്പന നടത്തിയെന്ന ആരോപണം ഒരിക്കൽ മാത്രമേയുണ്ടായിട്ടുള്ളൂ. ഇത്തരത്തിലുള്ള ആരോപണമുണ്ടായ, കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പനശാലയായ എഫ്.എൽ. 1-1030 നെടുമങ്ങാട് ഷോപ്പിലെ ഷോപ്പ്-ഇൻ-ചാർജിനേയും, ഷോപ്പ് അസിസ്റ്റന്റിനേയും ഉടൻ തന്നെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും, അവർക്കെതിരായുള്ള അച്ചടക്ക നടപടികൾ തുടർന്നു വരികയുമാണ്.

സെക്ഷൻ ഓഫീസർ.